Draft #1 of File 30466/ACA1 SO/2019/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 21-Aug-2019 12:24 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 4055/AC A 1/2019/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 22.08.2019

പരാമർശം:-സർവ്വകലാശാലയിൽ വിവിധ വിഷയങ്ങളിൽ ഇന്റഗ്രേറ്റഡ് എം എസ് സി പ്രോഗ്രാം ആരംഭിക്കുന്നതിനായി കൂടിയ ആലോചനാ യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിച്ച് ഉത്തരവാകുന്നു.

**ഉത്തരവ്**

സർവ്വകലാശാലയിൽ വിവിധ വിഷയങ്ങളിൽ ഇന്റഗ്രേറ്റഡ് എം എസ് സി പ്രോഗ്രാം ആരംഭിക്കുന്നതിനായി 02.08.2019 ന് വൈസ് ചാൻസിലറുടെ ചേമ്പറിൽ സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പ് മേധാവികളുടെ ഒരു ആലോചനാ യോഗം വൈസ് ചാൻസിലറുടെ അദ്ധ്യക്ഷതയിൽ കൂടി. ടി ആലോചനാ യോഗം, സർവ്വകലാശാലയിൽ വിവിധ വിഷയങ്ങളിൽ ഇന്റഗ്രേറ്റഡ് എം എസ് സി പ്രോഗ്രാം ആരംഭിക്കുന്ന വിഷയം സംബന്ധിച്ച് താഴെപ്പറയുന്ന ശുപാർശകൾ സമർപ്പിച്ചു.

1. സർവ്വകലാശാലയിൽ 2020-21 അദ്ധ്യയന വർഷം മുതൽ ഇൻറഗ്രേറ്റഡ് എം എസ് സി ആരംഭിക്കുന്നതിന് ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തുന്നതിനും ഇൻറഗ്രേറ്റഡ് എം എസ് സിയുടെ സിലബസ്, റെഗുലേഷൻസ് എന്നിവ തയ്യാറാക്കുന്നതിനുമായി സർവ്വകലാശാലയിലെ ശാസ്ത്ര പഠന വകുപ്പുകളുടെ മേധാവികൾ അംഗങ്ങളായും വൈസ് ചാൻസലർ അദ്ധ്യക്ഷനായുള്ള ഒരു മേൽനോട്ട സമിതി രൂപീകരിക്കുന്നതിനു ശുപാർശ ചെയ്തു.
2. മേൽ പരാമർശ മേൽനോട്ട സമിതിയുടെ കൺവീനറായി രസതന്ത്ര പഠന വകുപ്പിലെ അസ്സി. പ്രൊഫസ്സർ ഡോ. എസ്. അനസിനെ നിയോഗിക്കുന്നതിനു ശുപാർശ ചെയ്തു.
3. ഇൻറഗ്രേറ്റഡ് എം എസ് സിയുടെ കരട് സിലബസ്, റെഗുലേഷൻസ് എന്നിവ മേൽ നോട്ട സമിതിയുടെ അടുത്ത യോഗത്തിനു മുൻപായി തയ്യാറാക്കുന്നതിനു ഡോ. എസ്. അനസിനെ ചുമതലപ്പെടുത്തി ശുപാർശ ചെയ്തു.

വൈസ് ചാൻസിലർ ടി ശുപാർശകൾ അംഗീകരിക്കുകയും ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സനൽകുമാർ റ്റി വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. സർവ്വകലാശാലാ പഠന വകുപ്പ് മേധാവികൾ
2. പ്രഫസർ ഡോ. എസ് അനസ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

3. വിസി പിവിസി എന്നിവരുടെ പിഎസ് മാർ

4. രജിസ്റ്റാർ/എഫൊ/സീ ഇ എന്നിവരുടെ പിഎ മാർ

5. പി & ഡി/എസിഎ5/ഐക്യൂഎസി

6. കരുതൽ ഫയൽ/റിക്കാർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 30466/ACA1 SO/2019/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 21-Aug-2019 12:24 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം